# സർക്കാർ സ്ഥാപനങ്ങളിലെ സർപ്ലസ് സ്റ്റോറുകളും പാഴ്വസ്തുക്കളും ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങളും കയ്യൊഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും

## എ.എം.സി പോളിസിയും



കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളും സ്റ്റോർസ് പർച്ചേസ്, ഐ.ടി, തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളുടെ മാർഗ്ഗനിർദ്ദേശങ്ങളും

## കൈപ്പുസ്തകം

രണ്ടാം പതിപ്പ്

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# ഉള്ളടക്കം


| അധ്യായം/ ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| **I** | **ഉപയോഗ യോഗ്യമല്ലാത്തതും സർപ്ലസ് ആയതുമായ സ്റ്റോറുകൾ-കെ.എഫ്.സി വാല്യം-1 ലെ വ്യവസ്ഥകൾ** | 2 |
| എ | സർപ്ലസ് സ്റ്റോർ | 2 |
| ബി | പൊതു ലേലം മുഖേന സ്റ്റോറുകൾ കയ്യൊഴിക്കൽ | 3 |
| **II** | **ഓഫീസുകളിലെ പുനരുപയോഗിക്കുവാൻ സാധിക്കാത്ത സാധനങ്ങൾ ലേലം ചെയ്യൽ – സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ നിർദ്ദേശങ്ങൾ** | 4 |
| എ | പ്രധാന നിർദ്ദേശങ്ങൾ | 4 |
| **III** | **ഇലക്ട്രോണിക്/ഐ.ടി ഉപകരണങ്ങൾ വാങ്ങൽ/ എ.എം.സി നൽകൽ/കയ്യൊഴിക്കൽ/കണ്ടം ചെയ്യൽ – ഐ.ടി വകുപ്പിന്റെ ഉത്തരവുകൾ** | 6 |
| എ | ഐ.ടി അധിഷ്ഠിത ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇലക്ട്രോണിക് & ഐ.ടി വകുപ്പിന്റെ അനുമതി ലഭ്യമാക്കൽ -മാർഗ്ഗനിർദ്ദേശങ്ങൾ | 6 |
| ബി | ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ – എ.എം.സി പോളിസി | 7 |
| **സി** | ഇലക്ട്രോണിക്/ഐ.ടി ഉപകരണങ്ങളുടെ പ്രവർത്തന കാലയളവ്, ഉപകരണങ്ങൾ കണ്ടം ചെയ്യൽ/കയ്യൊഴിക്കൽ | 8 |
| **ഡി** | ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങൾ കയ്യൊഴിക്കുന്നതിനുള്ള വ്യവസ്ഥകളിലെ ഭേദഗതികൾ | 10 |
| **IV** | **ഇ-മാലിന്യങ്ങൾ, ആപത്ക്കരമായ മാലിന്യങ്ങൾ, പുന:ചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ കയ്യൊഴിക്കൽ-തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ** | 11 |
| എ | ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ കൈമാറൽ | **11** |
| ബി | ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനം – ക്ലീൻ കേരള കമ്പനിക്ക് ഈടാക്കാവുന്ന തുക | **11** |
| സി | അജൈവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം-ക്ലീൻ കേരള കമ്പനിക്ക് ഈടാക്കാവുന്ന തുക | **12** |
| | **V**<br>**സാധനങ്ങൾ വാങ്ങൽ, കയ്യൊഴിക്കൽ – വകുപ്പു തലവന്മാരുടേയും ഭരണ വകുപ്പിന്റേയും സാമ്പത്തികാധികാര പരിധി, ഇ-ഓക്ഷൻ** | 12 |
| എ | **വകുപ്പു തലവന്മാരുടെ സാമ്പത്തികാധികാര പരിധി** | **12** |
| ബി | ഇ-ഓക്ഷൻ – M/s.MSTC Limited | **14** |
| **സി** | ഇ-ഓക്ഷൻ – M/s.MSTC Limited ന്റെ സേവനം | **14** |
| ഡി | ലേലത്തുകയും ജി.എസ്.ടി യും | **15** |

# സർപ്ലസ് സ്റ്റോറുകളും പാഴ് വസ്തുക്കളും ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങളും കയ്യൊഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും എ.എം.സി പോളിസിയും

സർക്കാർ സ്ഥാപനങ്ങളിലെ സർപ്ലസ് സ്റ്റോറുകളും ഉപയോഗ ശൂന്യമായ വസ്തുക്കളും ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങളും കയ്യൊഴിക്കുന്നതിനും/കണ്ടം ചെയ്യുന്നതിനുമുള്ള കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകളും സ്റ്റോർസ് പർച്ചേസ്, ഐ.ടി, തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന മാർഗ്ഗനിർദ്ദേശങ്ങളും എ.എം.സി പോളിസിയും തുടർ അധ്യായങ്ങളായി ചേർക്കുന്നു.

## I
## ഉപയോഗ യോഗ്യമല്ലാത്തതും സർപ്ലസ് ആയതുമായ സ്റ്റോറുകൾ-കെ.എഫ്.സി വാള്യം-1 ലെ വ്യവസ്ഥകൾ

**ഉപയോഗ യോഗ്യമല്ലാത്തതും സർപ്ലസ് ആയതുമായ സ്റ്റോറുകൾ:** ആർട്ടിക്കിൾ 154 മുതൽ 157 വരെ.

### എ) സർപ്ലസ് സ്റ്റോർ (ആർട്ടിക്കിൾ 157, 128, 129)

- മറ്റു വിധത്തിൽ പരിഗണിക്കുവാൻ മതിയായ കാരണങ്ങളില്ലെങ്കിൽ, ഒരു വർഷത്തിലേറെയായി സ്റ്റോക്കിൽ അവശേഷിക്കുന്ന സ്റ്റോറിനെ സർപ്ലസ് സ്റ്റോർ എന്നു പറയാം. ക്ഷമതയുള്ള അധികാരികളിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാക്കി സർപ്ലസ് സ്റ്റോർ കയ്യൊഴിക്കാവുന്നതാണ്.
- പരിശോധനയിൽ സർപ്ലസ് സ്റ്റോർ ആണെന്ന് കണ്ടെത്തുന്ന വസ്തുക്കളുടെ പട്ടിക വിശദാംശങ്ങൾ സഹിതം വകുപ്പു തലവന് അയച്ചു കൊടുക്കേണ്ടതാണ്.
- സർപ്ലസ് സ്റ്റോറുകളുടെ വിൽപ്പനയ്ക്ക് ആർട്ടിക്കിൾ 156-എ യിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## ബി) പൊതു ലേലം മുഖേന സ്റ്റോറുകൾ കയ്യൊഴിക്കൽ (Public Auction)

- ആർട്ടിക്കിൾ 156എ

- ലേല നടപടികൾക്ക് ഓഫീസ് മേധാവി വ്യാപക പ്രചാരണം നൽകേണ്ടതാണ്.
- കെ.എഫ്.സി വാല്യം 2 ലെ **ഫോറം നം. 20 ൽ ഒരു ലേല രജിസ്റ്റർ** സൂക്ഷിക്കേണ്ടതും എല്ലാ കോളങ്ങളും പൂരിപ്പിച്ച് ഒപ്പു വയ്ക്കേണ്ടതുമാണ്.
- ഓരോ ഇനത്തിന്റേയും വിവരം പ്രത്യേകം പേജുകളിൽ ചേർക്കേണ്ടതാണ്.
- **ഇ.എം.ഡി:** വിൽപ്പന നടത്തേണ്ട ഇനത്തിന്റെ നിശ്ചയിക്കപ്പെട്ട തുകയുടെ 1% ഇ.എം.ഡി ആയി ലേലക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.
- ലേലം കഴിഞ്ഞയുടനെ, ലേലം ഉറപ്പിച്ചു നൽകുന്ന ആളുടെയൊഴികെയുള്ള ഇ.എം.ഡി തിരികെ നൽകേണ്ടതാണ്.
- വിജയിയായ ആൾക്ക് വസ്തുവിന്റെ വില ഒടുക്കിയതിനുശേഷം ഇ.എം.ഡി തിരികെ നൽകാവുന്നതാണ്.
- മതിയായ വില ലഭ്യമാകുന്നില്ലെങ്കിൽ പുനർ ലേലം പരിഗണിക്കേണ്ടതാണ്. പുനർ ലേലം നടത്തുമ്പോൾ പുനർ ലേലത്തിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കുന്നതിനായി കൂടുതൽ പരസ്യം ആവശ്യമാണോ എന്നത് ഓഫീസ് മേധാവി പരിഗണിക്കേണ്ടതാണ്. പുനർ ലേലത്തിന്റെ നടപടിക്രമങ്ങൾ അസ്സൽ ലേലത്തിന്റെ നടപടിക്രമങ്ങളുടേതിന് സമാനമായിരിക്കുന്നതാണ്.
- വിൽപ്പന നടത്തുന്ന സാധനങ്ങൾ അധിക കാലം ഓഫീസിൽ സൂക്ഷിക്കുവാൻ പാടുള്ളതല്ല.
- കെ.എഫ്.സി വാല്യം 2 ലെ **ഫോറം 20-എ യിൽ വിൽപ്പന രജിസ്റ്റർ** സൂക്ഷിക്കേണ്ടതാണ്.

# II
# ഓഫീസുകളിലെ പുനരുപയോഗിക്കുവാൻ സാധിക്കാത്ത സാധനങ്ങൾ ലേലം ചെയ്യൽ
# സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ നിർദ്ദേശങ്ങൾ

## എ) പ്രധാന നിർദ്ദേശങ്ങൾ

- **സർക്കുലർ നം. ബി1/85/2020/എസ്.പി.ഡി തിയതി 06-07-2021**

സ.ഉ(അ)നം.152/2020/ധന തിയതി 5-11-2020 പ്രകാരം പുറപ്പെടുവിച്ച വ്യയ നിയന്ത്രണ നിർദ്ദേശങ്ങളിലെ ക്രമ നം. 16 പ്രകാരം ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇനിയും സൂക്ഷിക്കേണ്ടതില്ലെന്നും പുനരുപയോഗിക്കുവാൻ കഴിയില്ലെന്നും ഉറപ്പു വരുത്തിയിട്ടുള്ള സാധനങ്ങൾ ഓൺലൈനിലൂടെ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്റ്റോർസ് പർച്ചേസ് വകുപ്പ് കൈക്കൊള്ളേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് **സർക്കുലർ നം. ബി1/85/2020/എസ്.പി.ഡി തിയതി 06-07-2021** പ്രകാരം ഉപയോഗ ശൂന്യമായ സാമഗ്രികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ്റ്റോർസ് പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ഉപയോഗ ശൂന്യമായ സാധന സാമഗ്രികൾ 7-8-2017 ലെ ജി.ഒ(പി)നം.102/2017/ഫിൻ ഉത്തരവിലെ [1] വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിൽപ്പന നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പു/ സ്ഥാപന/ഓഫീസ് മേലധികാരികൾ കൈക്കൊള്ളേണ്ടതാണ്.

2. ഉപയോഗശൂന്യമായ വാഹനങ്ങൾ കണ്ടം ചെയ്ത് വിൽപ്പന നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. ഇ-വേസ്റ്റും മറ്റ് അജൈവ മാലിന്യങ്ങളും 19-10-2019ലെ ജി.ഒ(ആർടി)നം.2300/2019/ തസ്വഭവ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ക്ലീൻ കേരള ലിമിറ്റഡ് മുഖേന നീക്കം ചെയ്യാവുന്നതാണ്.

---
[1] *ഭരണ വകുപ്പിന്റേയും വകുപ്പു തലവന്മാരുടേയും വിവിധ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള സാമ്പത്തികാധികാര പരിധി നിശ്ചയിച്ചു കൊണ്ടുള്ള ഉത്തരവ്.*

ഉപയോഗ ശൂന്യമായ ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങൾ കണ്ടം ചെയ്യുന്നത് 28-10-2018 ലെ ജി.ഒ(എം.എസ്)നം.27/2018/ഐ.ടി.ഡി [2] ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

## 4. കയ്യൊഴിക്കൽ രീതികൾ

15000 രൂപ വരെ എസ്റ്റിമേറ്റ് തുക കണക്കാക്കുന്ന ഉപയോഗ ശൂന്യമായ വസ്തുക്കൾ നേരിട്ടും 15000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ളവയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ചും 1 ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ എസ്റ്റിമേറ്റ് തുകയുള്ളവ ടെണ്ടർ മുഖേനയും വിൽപ്പന നടത്തേണ്ടതാണ്. അഞ്ചു ലക്ഷത്തിനു മുകളിൽ എസ്റ്റിമേറ്റ് തുക കണക്കാക്കുന്ന പാഴ് വസ്തുക്കൾ www.etenders.kerala.gov.in മുഖേന ഇ-ടെണ്ടർ ചെയ്ത് വിൽക്കേണ്ടതാണ്.

5. M/s.MSTC Limited ന്റെ സേവന കാലാവധി, ധനകാര്യ വകുപ്പ് പുതുക്കി ഉത്തരവാകുന്ന മുറയ്ക്ക്, സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങൾ തുടങ്ങിയവയിലെ Confiscated/Seized vehicles/scraps എന്നിവ ഇ-ഓക്ഷൻ വഴി M/s.MSTC Limited മുഖേനയോ ക്ലീൻ കേരള ലിമിറ്റഡ് മുഖേനയോ പുറന്തള്ളാവുന്നതുമാണ്.

***ഇ-ഓക്ഷൻ:*** *M/s.MSTC Limited -* ***ധനകാര്യ വകുപ്പിന്റെ 16-8-21 ലെ ഉത്തരവും 28-10-21 ലെ സർക്കുലറും കൂടി കാണുക. ആയവ അധ്യായം V ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.***

[2] *ജി.ഒ(എം.എസ്)നം.30/2021/ഐ.ടി.ഡി തിയതി 01-10-2021 പ്രകാരം ഏതാനും വ്യവസ്ഥകളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.*

# III
# ഇലക്ട്രോണിക്/ഐ.ടി ഉപകരണങ്ങൾ വാങ്ങൽ/എ.എം.സി നൽകൽ/കയ്യൊഴിക്കൽ/കണ്ടം ചെയ്യൽ ഐ.ടി വകുപ്പിന്റെ ഉത്തരവുകൾ

## എ) ഐ.ടി അധിഷ്ഠിത ഉപകരണങ്ങൾ വാങ്ങുന്നതിനായി ഇലക്ട്രോണിക് & ഐ.ടി വകുപ്പിന്റെ അനുമതി ലഭ്യമാക്കൽ -മാർഗ്ഗനിർദ്ദേശങ്ങൾ

- ജി.ഒ(എം.എസ്)നം.18/2017/ഐ.ടി.ഡി തിയതി 23-07-2017

### പ്രോജക്റ്റ് കോസ്റ്റ്

ഐ.ടി ഇനീഷ്യേറ്റീവുകൾക്കുള്ള ഐ.ടി വകുപ്പിന്റെ അനുമതിയുടെ പരിധി 10 ലക്ഷ ത്തിൽ നിന്നും 20 ലക്ഷമാക്കി ഉയർത്തി. 20 ലക്ഷത്തിൽ താഴെയുള്ള പ്രോജക്റ്റുകളുടെ ഫയൽ ഐ.ടി വകുപ്പിലേക്ക് അയയ്ക്കേണ്ടതില്ല.

### വകുപ്പുതല സാങ്കേതിക സമിതിയുടെ രൂപീകരണം

ഹാർഡ്‌വെയർ/നെറ്റ് വർക്കിംഗ് ഉപകരണത്തിന്റെ വാങ്ങൽ, സോഫ്റ്റ്‌വെയർ ഡെവല പ്മെന്റ്, എ.എം.സി അന്തിമമാക്കൽ മുതലായവ ഉൾപ്പെടുന്ന ഐ.ടി പ്രോജക്റ്റുകൾ നട പ്പാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഒരു സാങ്കേതിക സമിതി രൂപീകരിക്കേണ്ടതാണ്. വില യിരുത്തലിനും വെറ്റിംഗിനുമായി KSITM/SeMT യുടെ പ്രതിനിധിയും മറ്റു സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധിയും സമിതിയിൽ ഉണ്ടാകേണ്ടതാണ്.

### വകുപ്പുകളുടെ 20 ലക്ഷത്തിൽ അധികരിച്ചുള്ള ഹാർഡ്‌വെയർ പർച്ചേസ്/ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ്

- പി.സി, ലാപ്ടോപ്, പ്രിന്റർ, സ്കാനർ മുതലായവയുടെ വേണ്ടർ ന്യൂട്രൽ സ്പെസി ഫിക്കേഷൻ കേരള സ്റ്റേറ്റ് ഐ.ടി മിഷൻ അന്തിമമാക്കുന്നതാണ്.
- 20 ലക്ഷത്തിൽ അധികരിച്ചുള്ള സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിനുള്ള പ്രൊപ്പോ സൽ, സാങ്കേതിക സമിതിയുടെ ശുപാർശ സഹിതം ഐ.ടി വകുപ്പിലേക്ക് അയ യ്ക്കേണ്ടതാണ്.

## ഹാർഡ്‌വെയർ ഉപകരണങ്ങളുടേയും സോഫ്റ്റ്‌വെയറുകളുടേയും എ.എം.സി

ജി.ഒ(പി)നം.26/2005/ഐ.ടി.ഡി തിയതി 24-12-2005 പ്രകാരം പുറപ്പെടുവിച്ച എ.എം.സി പോളിസിയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഈ ഉത്തരവിലെ നിരക്കിനുള്ളിലുള്ള എ.എം.സി കളുടെ ഫയൽ അനുമതിക്കായി ഐ.ടി വകുപ്പിലേക്ക് അയയ്ക്കേണ്ടില്ല.

➢ സോഫ്റ്റ്‌വെയറിന്റെ എ.എം.സി, 20 ലക്ഷത്തിൽ അധികരിക്കുകയാണെങ്കിൽ സാങ്കേതിക സമിതിയുടെ ശുപാർശ സഹിതം ഫയൽ, അനുമതിക്കായി ഐ.ടി വകുപ്പിലേക്ക് അയയ്ക്കേണ്ടതാണ്. 20 ലക്ഷത്തിൽ അധികരിക്കുന്നില്ലെങ്കിൽ ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണ്.

## ബി) ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എ.എം.സി പോളിസി

**ജി.ഒ(പി)നം.26/2005/ഐ.ടി.ഡി തിയതി 24-12-2005 പ്രകാരം** സർക്കാർ വകുപ്പുകളുടെ കൈവശമുള്ള കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- വേണ്ടർ, കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത ആൾ ആകേണ്ടതാണ്. വേണ്ടർക്ക് മതിയായ അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക ശേഷിയും മാനവ വിഭവ ശേഷിയും ഉണ്ടാകേണ്ടതാണ്. അവസാന വർഷത്തെ ടേണോവർ, കരാർ തുകയുടെ അഞ്ച് ഇരട്ടി ഉണ്ടാകേണ്ടതാണ്.
- ഉപകരണം സ്ഥിതി ചെയ്യുന്ന അതേ ജില്ലയിൽ വേണ്ടർക്ക് ഓഫീസ് ഉണ്ടാകേണ്ടതാണ്.
- വേണ്ടർ, ഒറിജിനൽ എക്യുപ്മെന്റ് മാനുഫാക്റ്ററർ (OEM) ബ്രാന്റ് ഉപകരണങ്ങളുടെ അംഗീകൃത സർവ്വീസ് പ്രൊവൈഡർ (ASP) ആകേണ്ടതാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫോൺ മുഖേന 8 a.m മുതൽ 8 p.m വരെ വേണ്ടർ, പരാതി സ്വീകരിക്കേണ്ടതാണ്.

### എ.എം.സി യുടെ വ്യാപ്തി

1. പ്രതിമാസ പരിശോധനയും ക്ലീനിംഗും.
2. ത്രൈമാസ പ്രിവന്റീവ് മെയ്ന്റനൻസ്.

3. ബ്രേക്ക് ഡൗൺ സർവ്വീസ്: നിർണ്ണായകമായ ഉപകരണങ്ങളുടെ കാര്യത്തിൽ 24 മണിക്കൂറിനകവും നിർണ്ണായകമല്ലാത്ത ഉപകരണങ്ങളുടെ കാര്യത്തിൽ 72 മണിക്കൂറിനകവും പരാതികൾ പരിഹരിക്കേണ്ടതാണ്.

## ഉപകരണങ്ങൾക്കും സേവനങ്ങൾക്കുമുള്ള എ.എം.സി ചാർജ്ജ്

### എ. ഒരു വർഷം വാറണ്ടിയുള്ള ഉപകരണങ്ങൾ

- ഒന്നാം വർഷ എ.എം.സി – വാങ്ങൽ നിരക്കിന്റെ പരമാവധി 6%
- രണ്ടാം വർഷ എ.എം.സി – വാങ്ങൽ നിരക്കിന്റെ പരമാവധി 7%
- മൂന്നാം വർഷ എ.എം.സി – വാങ്ങൽ നിരക്കിന്റെ പരമാവധി 8%
- തുടർന്നുള്ള എ.എം.സി – വാങ്ങൽ നിരക്കിന്റെ പരമാവധി 8%

### ബി. മൂന്നു വർഷം വാറണ്ടിയുള്ള ഉപകരണങ്ങൾ

- എ.എം.സി തുക വാങ്ങൽ നിരക്കിന്റെ പരമാവധി 8% ആകേണ്ടതാണ്.

പുതിയ ഭാഗങ്ങൾ ഉപയോഗിച്ച് മാറ്റം വരുത്തുകയോ റിപ്പയറോ ചെയ്യുന്നുണ്ടെങ്കിൽ (ഉത്പന്നമോ അതിന്റെ ഭാഗമോ കാലഹരണപ്പെട്ടാൽ) ആ ഇനത്തിന്റെ വില മാത്രം നൽകുന്ന തരത്തിൽ ഉപഭോക്താവിന്റെ ബാധ്യത പരിമിതപ്പെടുത്തേണ്ടതാണ്.

## സി) ഇലക്ട്രോണിക്/ഐ.ടി ഉപകരണങ്ങളുടെ പ്രവർത്തന കാലയളവ്, ഉപകരണങ്ങൾ കണ്ടം ചെയ്യൽ/കയ്യൊഴിക്കൽ

- **ജി.ഒ(എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി 28-10-2018**

ഉപകരണങ്ങൾ മാറ്റുന്നതിനജനു/കയ്യൊഴിക്കുന്നതിനുള്ള കാലയളവ് താഴെ ചേർക്കുന്നു.

| വിഭാഗം | ഉപകരണത്തിന്റേ പേര് | ഉപകരണത്തിന്റെ കാലയളവ് |
|---|---|---|
| *1. ഉടനടിയുള്ള കാലഹരണം (immediate obsolescence)* | • *പ്രിന്റിംഗ് സാമഗ്രികൾ (മഷി, ടോണറുകൾ, കാട്രിഡ്ജുകൾ)*<br>• *ഡിവിഡികൾ, സിഡികൾ, ഫ്ളോപ്പികൾ*<br>• *യു.എസ്.ബി ബാറ്ററികൾ* | *ഉപയോഗത്തിനനുസരിച്ച്.* |

| | | |
|---|---|---|
| 2. വേഗത്തിലുള്ള കാലഹരണം *(immediate obsolescence)* | • ലാപ്ടോപ്പുകൾ, നോട്ബുക്കുകൾ, ടാബ്ലറ്റുകൾ.<br>• മൊബൈൽ ഫോണുകൾ<br>• പെൻഡ്രൈവുകൾ<br>• എക്സ്റ്റേർണൽ ഹാർഡ് ഡിസ്ക് ഡ്രൈവുകൾ | 4 വർഷം |
| 3. മീഡിയം കാലഹരണം *(medium obsolescence)* | • സർവറുകൾ, ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ<br>• പ്രിന്ററുകൾ, സ്കാനറുകൾ, കോപ്പിയറുകൾ<br>• മൾട്ടി-ഫങ്ഷണൽ ഉപകരണങ്ങൾ<br>• പ്രൊജക്റ്ററുകൾ<br>• യു.പി.എസ് സംവിധാനം (ബാറ്ററി ഒഴികെ)<br>• എല്ലാ നെറ്റ് വർക്കിംഗ് ഇനങ്ങളും (active devices) | 5 വർഷം |
| മെല്ലെയുള്ള കാലഹരണം *(slow obsolescence)* | • FAX, EPABX<br>• ഇലക്ട്രോണിക് അറ്റന്റൻസ് സംവിധാനം<br>• ഡിജിറ്റൽ ക്യാമറകൾ<br>• ഡിവിഡി പ്ലേയറുകൾ<br>• ടി.വി, എൽ.സി.ഡി, എൽ.ഇ.ഡി<br>• മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങൾ | 7 വർഷം |

മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത് ഉപകരണങ്ങളുടെ ശരാശരി കാലയളവാണ്. വിഭാഗം 1 ലെ ഇനങ്ങൾ ഒഴികെയുള്ളവ അവയുടെ ലക്ഷ്യം നിറവേറ്റുന്നത് തുടരുന്നതു വരെ ഈ കാലയളവിനപ്പുറവും ഉപയോഗിക്കാവാൻ സാധിക്കുന്നതാണ്.

## എ.ടി ഉപകരണങ്ങൾ കണ്ടം ചെയ്യുന്നതിനോ പൊളിക്കുന്നതിനോ ഉള്ള കാരണങ്ങൾ

- ഏതെങ്കിലും ഉപകരണം അവയുടെ കുറഞ്ഞ പ്രവർത്തന കാലയളവ് എത്തുന്നതിനു മുമ്പ് തുടർച്ചയായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ/തീരെ പ്രവർത്തന രഹിതമാണെങ്കിൽ/പരിപാലനച്ചെലവ് ലാഭകരമല്ലെങ്കിൽ.
- കാലഹരണപ്പെട്ട സാങ്കേതിക വിദ്യയുള്ളതും നവീകരണം സാധ്യമല്ലാത്തതും പണം നൽകിയോ അല്ലാതെയോ വിൽപ്പനക്കാരനിൽ നിന്നും പിന്തുണ ലഭിക്കാത്തതും അത്തരം ഉപകരണങ്ങളുടെ ഉപയോഗം സുരക്ഷാ ഭീഷണി ഉയർത്തുന്നുണ്ടെങ്കിലും/ഡാറ്റയുടെ അനധികൃത ഉപയോഗം നടക്കുന്നുണ്ടെങ്കിലും.

- റിപ്പയർ ചെയ്യുന്നത് ലാഭകരമല്ലെങ്കിൽ.

### ഉപകരണങ്ങൾ കയ്യൊഴിക്കൽ

കണ്ടം ചെയ്യുകയോ കയ്യൊഴിക്കുകയോ ചെയ്ത ഉപകരണങ്ങൾ ഓഫീസിൽ നിന്നും മാറ്റേണ്ടതാണ്. അത്തരം ഉപകരണങ്ങളുടെ സർവ്വീസ്, റിപ്പയർ ലേബലുകൾ നീക്കം ചെയ്യേണ്ടതാണ്. എ.എം.സി ഉണ്ടെങ്കിൽ ആയത് ഉടൻ നിർത്തലാക്കേണ്ടതാണ്.

ഓപ്പറേറ്റിംഗ് സിസ്റ്റം ഉൾപ്പെടെയുള്ള എല്ലാ ഡാറ്റയും ബാക്ക്അപ് എടുത്തതിനുശേഷം നീക്കം ചെയ്യേണ്ടതാണ്.

## ഡി) ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങൾ കയ്യൊഴിക്കുന്നതിനുള്ള വ്യവസ്ഥകളിലെ ഭേദഗതികൾ

- ജി.ഒ(എം.എസ്)നം.30/2021/ഐ.ടി.ഡി തിയതി 01-10-2021

ജി.ഒ(എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി 28-10-2018 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള സാങ്കേതിക സമിതിയുടെ ശുപാർശയില്ലാതെ വകുപ്പ് തലവന്/ഓഫീസ് തലവന് ഇലക്ട്രോണിക്, ഐ.ടി ഉപകരണങ്ങളുടെ സ്ക്രാപ്പിംഗ് പ്രൊപ്പോസലുകൾ അംഗീകരിക്കാവുന്നതാണ്. താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്.

1. ജി.ഒ(എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി 28-10-2018 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ കുറഞ്ഞ പ്രവർത്തന കാലയളവ് കഴിഞ്ഞാൽ.
2. കുറഞ്ഞ പ്രവർത്തന കാലയളവ് കഴിയാത്ത സാധനങ്ങൾ റിപ്പയർ ചെയ്യുവാൻ സാധിക്കാത്തതാണെങ്കിൽ/അനാവശ്യമാണെങ്കിൽ കേരള സംസ്ഥാന ഐ.ടി മിഷനിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയതിനുശേഷം.

- *ജി.ഒ(എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി 28-10-2018 ലെ മറ്റു വ്യവസ്ഥകളിൽ മാറ്റമില്ല.*

KERALA STATE IT MISSION
Department of Information Technology
Government of Kerala

# IV

# ഇ-മാലിന്യങ്ങൾ, ആപത്ക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ കയ്യൊഴിക്കൽ

# തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശങ്ങൾ

## എ) ക്ലീൻ കേരള കമ്പനിക്ക് മാലിന്യങ്ങൾ കൈമാറൽ

- **സ.ഉ(ആർടി)നം.2300/2019/തസ്വഭവ തിയതി 19-10-2019**

സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇ-മാലിന്യങ്ങൾ, ആപത്ക്കരമായ മാലിന്യങ്ങൾ, പുനഃചംക്രമണ യോഗ്യമല്ലാത്ത മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവയുടെ ശേഖരണം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്ലീൻ കേരള കമ്പനിക്ക് നൽകി ഉത്തരവു പുറപ്പെടുവിച്ചു.

## ബി) ഇ-മാലിന്യങ്ങളുടെ നിർമ്മാർജ്ജനം - ക്ലീൻ കേരള കമ്പനിക്ക് ഈടാക്കാവുന്ന തുക

- **സ.ഉ(സാധാ)നം.3227/2018/തസ്വഭവ തിയതി 22-12-2018**
  - ആപത്കരമായ ഇ-മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശേഖരിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ കിലോഗ്രാമിന് 40 രൂപ എന്ന നിരക്കിനോടൊപ്പം നിലവിലുള്ള സേവന നികുതി (18%) കൂടി സർക്കാർ/സർക്കാരിതര/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി. **സ.ഉ(സാധാ)നം.479/2021/തസ്വഭവ തിയതി 17-02-2021** പ്രകാരം തുക 40 രൂപയിൽ നിന്നും 50 രൂപയായി വർദ്ധിപ്പിച്ചു.

## സി) അജൈവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം - ക്ലീൻ കേരള കമ്പനിക്ക് ഈടാക്കാവുന്ന തുക

- **സ.ഉ(ആർടി)നം.2112/2019/തസ്വഭവ തിയതി 27-9-2019**

പുനഃചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കിലോ ഗ്രാമിന് 10 രൂപ നിരക്കിൽ (സേവന നികുതിക്കു പുറമേ) അതത് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാൻ ക്ലീൻ കേരള കമ്പനിക്ക് അനുമതി നൽകി.

# V

# സാധനങ്ങൾ വാങ്ങൽ, കയ്യൊഴിക്കൽ - വകുപ്പു തലവന്മാരുടേയും ഭരണ വകുപ്പിന്റേയും സാമ്പത്തികാധികാര പരിധി, ഇ-ഓക്ഷൻ

## എ) വകുപ്പു തലവന്മാരുടെ സാമ്പത്തികാധികാര പരിധി

- ജി.ഒ(പി)നം.102/2017/ഫിൻ തിയതി 7-8-2017

മേൽ ഉത്തരവു പ്രകാരം വകുപ്പു തലവന്മാരുടേയും ഭരണ വകുപ്പിന്റേയും വിവിധ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികാധികാര പരിധി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സാധനങ്ങൾ വാങ്ങുമ്പോളും കയ്യൊഴിക്കുമ്പോളും ഉത്തരവ് പ്രകാരം നിശ്ചയിച്ച പരിധിക്കു വിധേയമായി ധനകാര്യ വകുപ്പിന്റെ അനുമതിയില്ലാതെ തീരുമാനങ്ങൾ എടുക്കാവുന്നതാണ്.

### വകുപ്പു തലവന്മാരുടെ സാമ്പത്തികാധികാര പരിധി

വ്യവസ്ഥകൾക്ക് വിധേയമായി ഏതാനും പ്രവർത്തനങ്ങൾക്കായി വകുപ്പു തലവന്മാർക്ക് നൽകിയിട്ടുള്ള സാമ്പത്തികാധികാര പരിധി താഴെ ചേർക്കുന്നു.

| ഉത്തര വിലെ ക്രമ നം. | ഇനം | അനുമതി നൽകാവുന്ന തുകയുടെ പരിധി (രൂപ) |
|---|---|---|
| 10 | ഉപയോഗ രഹിതമായ സാധന ങ്ങൾ/സ്ക്രാപ്/ഉപയോഗശൂന്യ മായ വാഹനങ്ങൾ കയ്യൊഴിക്കൽ | 15 ലക്ഷം |
| 13 | വാഹനങ്ങളുടെ റിപ്പയർ | ഒരു വാഹനത്തിന് 30000 രൂപ വരെ (വാർഷിക പരിധി 1 ലക്ഷം എന്ന തിനു വിധേയമായി). PWD അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനി യറുടെ സാക്ഷ്യപത്രം ആവശ്യമാണ്. |
| 25 | വാഹനങ്ങൾ കണ്ടം ചെയ്യൽ | മൂന്നു ലക്ഷം രൂപ വരെ അപ്സെറ്റ് വാല്യു ഉള്ളവയ്ക്ക്. |
| 18 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണ ങ്ങൾ, ലാപ്ടോപ്പ് വാങ്ങൽ | ബജറ്റ് പ്രൊവിഷനു വിധേയമായി മൂന്നു ലക്ഷം രൂപ വരെ. |
| 19 | ഐ.ടി അനുബന്ധ ഉപകരണങ്ങ ളുടേയും മറ്റ് ഉപകരണങ്ങളു ടേയും എ.എം.സി | ബജറ്റ് പ്രൊവിഷനു വിധേയമായി മൂന്നു ലക്ഷം രൂപ വരെ. |
| 28 | ഫർണീച്ചർ വാങ്ങൽ | കാറ്റഗറി-1 വകുപ്പു തലവന്മാർക്ക് 5 ലക്ഷം രൂപ വരെയും മറ്റു വകുപ്പു തലവന്മാർക്ക് 2 ലക്ഷം രൂപ വരെയും. |
| 28(എ) | സർക്കാർ ആശുപത്രികളിലും സർക്കാർ സ്കൂളുകളിലും ഫർണീച്ചർ വാങ്ങൽ | കാറ്റഗറി-1 വകുപ്പു തലവന്മാർക്ക് 3 ലക്ഷം രൂപ വരെയും മറ്റു വകുപ്പു തലവന്മാർക്ക് 2 ലക്ഷം രൂപ വരെയും. |
| 29 | ഫർണീച്ചറുകളുടേയും ഉപകരണ ങ്ങളുടേയും ചെറിയ മെഷിനറിക ളുടേയും റിപ്പയർ | 3 ലക്ഷം രൂപ വരെ. |
| 35 | താത്കാലിക മുൻകൂർ | 10000 രൂപ. |
| 7 | സ്ഥിരം മുൻകൂർ | 20000 രൂപ വരെ. |
| 23 | പെറ്റി ചെലവുകൾ | 25000 രൂപ |
| 24 | ആകസ്മിക ചെലവുകൾ (ആവർത്തന സ്വഭാവം ഇല്ലാത്ത ത്) | 1 ലക്ഷം. |

*വിശദാംശങ്ങൾക്ക് അസ്സൽ ഉത്തരവു കൂടി പരിശോധിക്കേണ്ടതാണ്.*

*ഉത്തരവ് കാലാനുസൃതമായി പുതുക്കുമ്പോൾ നിരക്കുകളിൽ മാറ്റം വരാവുന്നതാണ്.*

## ബി) ഇ-ഓക്ഷൻ - M/s.MSTC Limited

- **ജി.ഒ(എം.എസ്)നം.91/2021/ഫിൻ തിയതി 16-08-2021**

M/s.MSTC Limited ന്റെ കരാർ കാലാവധി മൂന്നു വർഷത്തേക്കു കൂടി സർക്കാർ നീട്ടി നൽകി. ഈ കാലയളവിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഉപയോഗരഹിതമായ വാഹനങ്ങൾ/വസ്തുക്കൾ ഇ-ഓക്ഷൻ മുഖേന കയ്യൊഴിക്കുന്നതിന് M/s.MSTC Limited ന്റെ സേവനം പ്രയോജനപ്പെടുത്തുന്നതിനും അനുമതി നൽകി.

## സി) ഇ-ഓക്ഷൻ-M/s.MSTC Limited ന്റെ സേവനം

- **സർക്കുലർ നം. 99/2021/ഫിൻ തിയതി 28-10-2021**

മൂന്നുവർഷത്തേക്കു കൂടി കരാർ കാലാവധി നീട്ടുന്നതിനായി 16-8-2021 ലെ ഉത്തരവനുസരിച്ച് കേരള സർക്കാർ, M/s.MSTC Limited എന്നിവർ ചേർന്ന് 20-9-2021 ന് പൊതുവായ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്.

- എല്ലാ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനു കീഴിലുള്ള മറ്റു സ്ഥാപനങ്ങൾക്കും ഉപയോഗിക്കാവുന്നതും ഉപയോഗ രഹിതവുമായ വാഹനങ്ങൾ/വസ്തുക്കൾ ഇ-ഓക്ഷൻ ആയി മാത്രം കയ്യൊഴിക്കുന്നതിന് M/s.MSTC Limited ന്റെ സേവനം കരാർ നിലനിൽക്കുന്നിടത്തോളം കാലം പ്രയോജനപ്പെടുത്തേണ്ടതാണ്.
- സർക്കാരിന്റെ അനുമതിയില്ലാതെ ഉപയോഗിക്കാവുന്നതും ഉപയോഗ രഹിതവുമായ വാഹനങ്ങൾ/വസ്തുക്കൾ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ വിൽപ്പന നടത്തുവാൻ പാടുള്ളതല്ല.

## ഡി) ലേലത്തുകയും ജി.എസ്.ടി യും

സ.ഉ(എം.എസ്)നം. 119/2018/ഫിൻ തിയതി 31-03-2018 പ്രകാരം M/s.MSTC Limited ശേഖരിക്കുന്ന പാഴ്വസ്തുക്കളുടെ വിലയിൽ നിന്നും ജി.എസ്.ടി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

MSTC limited (formerly known as **Metal Scrap Trade Corporation Limited**) was incorporated under the Companies Act, 1956 on 9th September, 1964.

In February, 1974 MSTC Limited became a subsidiary Company of Steel Authority of India Limited (SAIL).

*അസ്സൽ രേഖകൾ കൂടി പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.*

*ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉത്തരവുകൾക്കുശേഷം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ കൂടി ശ്രദ്ധിച്ച് ഈ വിഷയത്തിലെ അറിവ് കാലികമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.*

### തയ്യാറാക്കിയത്

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110

**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം**
**രണ്ടാം പതിപ്പ്**

തത്തമംഗലം,
30-10-2021